പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.512 26.04.2017 ൽ മറുപടിയ്ക്ക്

## ഒളിംപിക്സ് മെഡൽ നേടുന്നതിനായുള്ള പദ്ധതികൾ

ചോദ്യം

ശ്രീ.ആർ. രാജേഷ്

ഉത്തരം

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | |
|---|---|
| ഒളിംപിക്സ് മെഡൽ നേടുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികളുണ്ടോ; ഇതിനാവശ്യമായ പരിപാടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഒളിമ്പിക്സ് മെഡൽ ലക്ഷ്യമാക്കി നിലവിൽ അത്‌ലറ്റിക്സ് (എലൈറ്റ് അത്‌ലറ്റിക് ട്രെയിനിംഗ് സെന്റർ), വോളീബോൾ (ഹൈ പെർഫോമൻസ് ട്രെയിനിംഗ് സെന്റർ), സ്വിമ്മിംഗ് (സ്പെഷ്യൽ ഇഫർട്ട് ട്രെയിനിംഗ് പ്രോഗ്രാം ഇൻ സ്വിമ്മിംഗ് (SETT), ഫെൻസിംഗ് എന്നീ കായികയിനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. 2020, 2024 വർഷങ്ങളിൽ നടക്കുന്ന ഒളിമ്പിക്സിൽ കേരളീയ താരങ്ങളെ മെഡൽ നേടുന്നതിന് പര്യാപ്തമാക്കുന്നത് ലക്ഷ്യമിട്ടാണ് പദ്ധതി തയ്യാറാക്കിവരുന്നത്. കേരളത്തിലെ മികച്ച കായിക പ്രതിഭകളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത് ഒളിമ്പിക്സ് എന്നീ രാജ്യാന്തര കായിക മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വാർത്തെടുക്കുക എന്നതാണ് എലൈറ്റ് സ്കീമിലൂടെ ലക്ഷ്യമിടുന്നത്. വിദേശ പരിശീലകന്റെ കീഴിൽ അന്തർദേശീയ നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും, പരിശീലനവും താമസവും, ഭക്ഷണവും മറ്റ് ഉന്നത നിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും പദ്ധതിയിൽ കായികതാരങ്ങൾക്ക് ലഭ്യമാക്കിവരുന്നു ണ്ട്.<br><br>കൂടാതെ, 2020-2024 ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആർച്ചറി, അത്‌ലറ്റിക്സ്, ബാഡ്മിന്റൺ, ബോക്സിംഗ്, കനോയിംഗ് & കയാക്കിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, റോവിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റസ്‌ലിംഗ് എന്നീ 11 കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി **"ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി"** യും ആവിഷ്കരിച്ചിട്ടുണ്ട്. |

| | |
|---|---|
| | 2020-2024 ഒളിമ്പിക്സ് വരെയുള്ള പരിശീലന പദ്ധതിയാണിത്. പ്രസ്തുത പദ്ധതിയ്ക്കായി 2017-18 മുതൽ 2024-25 വരെ 440 കോടി രൂപയാണ് ചെലവ് പ്രതീക്ഷിയ്ക്കുന്നത്. മേൽ സൂചിപ്പിച്ച 11 കായിക ഇനങ്ങളിലായി ഏകദേശം 250 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിൽ റസ്‌ലിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിൽ പെൺകുട്ടികൾക്ക് മാത്രമാണ് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്. ഓപ്പറേഷൻ ഒളിമ്പിയ പദ്ധതിയിൽ തെരഞ്ഞെടുത്ത 11 ഇനങ്ങളിൽ പരിശീലനം നൽകുന്നതിനായി കേരളത്തിലെ വിവിധ ജില്ലകളിലായി 13 ഒളിമ്പിക്സ് സെന്ററുകൾ ആരംഭിയ്ക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടു വരുന്നു. |

**സെക്ഷൻ ഓഫീസർ**